ENTRI

1 Crore User Downloads

# CURRENT AFFAIRS 07 JULY 2025

▷ **2025 ജൂലൈയിൽ കാറപകടത്തിൽ അന്തരിച്ച പോർച്ചുഗീസ് ഫുട്ബോൾ താരം**

**ദിയോഗോ ജോട്ട**



ദിയോഗോ ജോട്ട

---

▷ **'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ' പാസാക്കിയ രാജ്യം**

**അമേരിക്ക**

- പുതിയ നികുതികൾ ചുമത്തിയും ചെലവ് ചുരുക്കൽ ലക്ഷ്യമിട്ടും പ്രസിഡന്റ് ഡോണൾഡ് ട്രംപ് അവതരിപ്പിച്ചതാണ് വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ.
- 2025 ജൂലൈ 4 ന് ബില്ലിൽ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പ് വെച്ചതോടെ 'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ' നിയമമായി.



---

▷ **2025 ജൂലൈയിൽ ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ദി റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആൻഡ് ടൊബാഗോ' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി**

**നരേന്ദ്ര മോദി**

- ട്രിനിഡാഡ് ആൻഡ് ടൊബാഗോയുടെ പരമോന്നത സിവിലിയൻ അവാർഡ് നരേന്ദ്രമോദിക്ക് സമ്മാനിച്ചത് ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ് ക്രിസ്റ്റീൻ കാംഗാലൂ ആണ്.
- ഈ ബഹുമതി ലഭിക്കുന്ന ആദ്യത്തെ വിദേശ നേതാവ് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ്.



---

▷ **വിവിധ ഉൽപ്പന്നങ്ങളുടെ വിൽപനയിലൂടെ 100 കോടി വിറ്റുവരവ് ലക്ഷ്യമിട്ട് ഓഗസ്റ്റ് ഒന്നുമുതൽ സെപ്റ്റംബർ നാലു വരെ ഖാദിബോർഡ് നടത്തുന്ന ക്യാംപയിൻ**

**എനിക്കും വേണം ഖാദി**

---

▷ **കരളിലെ കാൻസർ കണ്ടെത്താൻ സഹായിക്കുന്ന പേപ്പർ അധിഷ്ഠിത സെൻസർ സംവിധാനം വികസിപ്പിച്ചത്**

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ**

- കരൾ കാൻസർ കണ്ടെത്തുന്നതിന് സഹായിക്കുന്ന β-ഗ്ലൂക്കുറോണിഡേസ് എന്ന എൻസൈമിന്റെ സാന്നിധ്യം മനസ്സിലാക്കാൻ അപൂർവ എർത്ത് ലോഹമായ ടെർബിയം ഉപയോഗിക്കുന്ന ഒരു ലുമിനസെന്റ് പ്രോബ് ആണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ (ഐഐഎസ്സി) ഗവേഷകർ വികസിപ്പിച്ചെടുത്തത്.